"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.903/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/05/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 18.06.2019-ലെ ഡി4-29806/14 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച 22.07.2019-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 21.08.2019-ലെ ഡി4-29806/14 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ കെ. സിദ്ദീഖിനെതിരായ അച്ചടക്ക നടപടിയാന്റെ 3 വരുംകാല ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ സ്ഥിരമായി തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവിനെതിരെ ശ്രീ. കെ. സിദ്ദീഖ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ. സിദ്ദീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. സിദ്ദീഖിനെതിരെ പെരിന്തൽമണ്ണ സബ് കളക്ടറുടെ റിപ്പോർട്ട് പ്രകാരം ഗാർഹിക ആവശ്യത്തിന് 250 ടൺ വരെയുള്ള മണ്ണ് എടുക്കുന്നതിന് അനുമതി പത്രം നൽകുന്നതിനാണ് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുള്ളത് എന്നും എന്നാൽ അങ്ങാടിപ്പുറം സെക്രട്ടറിയായിരുന്ന ശ്രീ. കെ.സിദ്ദീഖ് 250 ടൺ മണ്ണ് നീക്കം ചെയ്യുന്നതിനും വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളതെന്നും എന്നാൽ മണ്ണ് എടുക്കുന്ന സ്ഥലം അങ്ങാടിപ്പുറം വില്ലേജ് ഓഫീസർ മുഖേന പരിശോധിച്ചതിൽ 900 ടൺ മണ്ണ് നീക്കം ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും ആയതിനാൽ ശ്രീ. കെ.സിദ്ദീഖ് അധികാര ദുർവിനിയോഗം നടത്തിയിട്ടുണ്ടെന്നും ശ്രീ. സിദ്ദീഖിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെപറയുന്ന കുറ്റങ്ങൾ ആരോപിച്ച് ശ്രീ. കെ. സിദ്ദീഖിന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു.

1. അങ്ങാടിപ്പുറം വില്ലേജിൽ സർവ്വേ നമ്പർ 1 4 7 പ്രകാരം ശ്രീ.എറമുഹാജി S / o അലവി എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സർക്കാരിന്റെ 13.02.2012 ലെ 812/ആർ.എ3/12/തസ്വഭവ സർക്കുലറിനും, 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 19, 21, 22, 23, 24 പ്രകാരമുള്ള നിർദ്ദേശങ്ങളും കെ.പി.ബി.ആർ 2011 ലെ ചട്ടങ്ങൾ പാലിക്കാതെയും കെട്ടിട നിർമ്മാണാനുമതി നൽകിയത്.

2. പരിസ്ഥിതി വകുപ്പിന്റെ 21.02.2014 ലെ സ.ഉ. (എം.എസ്) 02/14 ഇഎൻവിറ്റി ഉത്തരവും വ്യവസായ (എ) വകുപ്പിന്റെ 30.06.2014 ലെ സ.ഉ. (എം.എസ്) 93/19/ഐഡി ഉത്തരവും പാലിക്കാതെ 17.06.2014 ലെ ക്രമപ്രകാരമല്ലാതെ 05/എ10/4286/14 നമ്പറിൽ 2 ഉത്തരവുകൾ പുറപ്പെടുവിച്ച് സർവ്വേ നമ്പർ 147 പ്രകാരമുള്ള സ്ഥലത്ത് നിന്ന് വാണിജ്യാവശ്യ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് മണ്ണ് നീക്കം ചെയ്യുന്നതിന്, അനുമതി നൽകിയതും, അനുമതി നൽകിയതുമായി ബന്ധപ്പെട്ട ഫയൽ നഷ്ടപ്പെടുത്തിയതും.

3. 15.05.2014-ൽ 20/14-15 നമ്പർ പ്രകാരം 276.65 മീറ്റർ വാണിജ്യാവശ്യ കെട്ടിടത്തിനും 16.06.2014-ൽ 4253/2014 നമ്പർ പ്രകാരം 79.30 ച.മീറ്റർ ഗാർഹിക കെട്ടിട നിർമ്മാണത്തിനും 23.09.2015-ൽ 159/15-16 നമ്പർ പ്രകാരം 147 പ്രകാരമുള്ള നടപടിക്രമങ്ങളും 21.06.2014 ലെ സ.ഉ. (പി) 102/94/ഹോം 25.07.2005-ലെ സ.ഉ. (പി) 212/2005/ഹോം എന്നി ഉത്തരവുകളും പാലിക്കാതെ 3 തവണ കെട്ടിട നിർമാണാനുമതി നൽകിയ സർവ്വേ നമ്പർ 147 പ്രകാരമുള്ള സ്ഥലത്ത്, കെട്ടിട നിർമ്മാണാനുമതി വാങ്ങാതെ നിർമ്മിച്ച ആരാധനാലയത്തിൽ കെട്ടിട നമ്പർ അനുവദിച്ച് നൽകിയത്.

കുറ്റാരോപണ മെമ്മോക്ക് ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച മറുപടിയിൽ ടിയാന്റെ പേരിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ വാസ്തവ വിരുദ്ധവും പ്രഥമ ദൃഷ്ട്യാ നിലനിൽക്കാത്തതാണെന്നും കൂടാതെ അടുത്ത് തന്നെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായി ലഭിക്കേണ്ട പ്രൊമോഷൻ തടയുന്നതിന് വേണ്ടിയുള്ള ശ്രമമാണെന്ന് സംശയിക്കുന്നതായും ആരോപിച്ചിട്ടുണ്ട്. ടി കേസിൽ 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ നമ്പർ സർക്കുലറിലെ ഖണ്ഡികകൾ 19, 21, 22, 23, 24 എന്നിവ ഒന്നും തന്നെ ലംഘിച്ചിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. 31.08.2017-ൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും റിലീവ് ചെയ്തതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് തുടർന്ന് വന്ന സെക്രട്ടറിമാരാണെന്നും ശ്രീ. കെ. സിദ്ദീഖ് ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ വാണിജ്യാവശ്യത്തിന് അനുമതി നൽകിയ ഫയൽ നഷ്ടപ്പെട്ടതിന് ഉത്തരവാദി റെക്കോർഡ് കീപ്പറായ സെക്ഷൻ ക്ലാർക്കാണെന്നും ശ്രീ. കെ. സിദ്ദീഖ് ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച അപേക്ഷയിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് തന്റെ പ്രൊമോഷൻ തടസ്സപ്പെടുത്തുന്ന രീതിയിൽ സമർപ്പിച്ചതാണെന്ന് ആരോപിക്കുകയുണ്ടായി. അത്തരത്തിലുള്ള ആരോപണം നിലനിൽക്കെ തുടർ അന്വേഷണമോ അഭിപ്രായ റിപ്പോർട്ടോ നൽകുന്നത് അഭികാമ്യമല്ലായെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുകയുണ്ടായി.

മേൽ ആരോപണം നിലനിൽക്കുന്നതിനാൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയെന്നും പ്രസ്തുത റിപ്പോർട്ടിൽ ശ്രീ. കെ. സിദ്ദീഖിനെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായും ടിയാന്റെ വാദഗതികൾ വിശ്വസനീയമല്ലായെന്നും മണ്ണ് ഖനനത്തിന് സർട്ടിഫിക്കറ്റ് അനുവദിച്ചത് ചട്ടപ്രകാരമോ ഓഫീസ് നടപടിക്രമങ്ങൾ പാലിച്ചോ അല്ലായെന്നും ശ്രീ. കെ. സിദ്ദീഖിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും മേൽ വിഷയത്തിൽ നടന്ന സുതാര്യമല്ലാത്തതും ക്രമരഹിതവുമായ നടപടിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഫയൽ നഷ്ടപെടുത്തിയതിന്റെ ഉത്തരവാദിത്വം സെക്ഷൻ ക്ലാർക്കിനാണെന്ന ശ്രീ. കെ. സിദ്ദീഖിന്റെ വാദം അംഗീകരിക്കാൻ കഴിയില്ലായെന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിയമവിരുദ്ധമായി നൽകിയ രണ്ട് അനുമതികളിലും ബന്ധപ്പെട്ട കെട്ടിട നിർമ്മാണാനുമതി നമ്പർ എഴുതാത്തത് മൂലം ടി സർട്ടിഫിക്കറ്റുകൾ ദുരുപയോഗപ്പെടുത്തുന്നതിന് സെക്രട്ടറി എന്ന നിലയിൽ ശ്രീ. കെ. സിദ്ദീഖ് ശ്രമിച്ചു എന്നതിന് തെളിവാണ് എന്നും ഫയൽ നഷ്ടപ്പെടുത്തിയതിലൂടെ തുടർപരിശോധനക്കുള്ള സാധ്യതയും ഇല്ലാതാക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. അടിയന്തര പ്രധാന്യമല്ലാതിരുന്നിട്ടും ഫയൽ മൂവ്മെന്റിൽ ഓഫീസ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചതായും കാണുന്നില്ലായെന്നും

റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിയതിലും പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകളും നഷ്ടപെടുത്തിയതും ശ്രീ. കെ.സിദ്ദീഖിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയും അധികാര ദുർവിനിയോഗവുമാണ് എന്ന് കണ്ട് ശ്രീ. സിദ്ദീഖിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെന്നും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിൽ ടിയാളുടെ സീനിയോറിറ്റി തരംതാഴ്ത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരുന്നുവെന്നും ആയതിന് ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച മറുപടി പ്രകാരം വകുപ്പിലെ ചില ഉദ്യോഗസ്ഥർ തനിക്കെതിരെ വൈര്യനിര്യാതന ബുദ്ധിയോടെ പ്രവർത്തിക്കുന്നു എന്നും തന്റെ പ്രൊമോഷൻ തടസ്സപ്പെടുത്തുന്നതിനുള്ള ഗൂഢശ്രമമാണെന്നും താൻ സർക്കാരിനോ പഞ്ചായത്തിനോ നഷ്ടമുണ്ടാക്കിയിട്ടില്ലെന്നും വ്യക്തിപരമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നും ശിക്ഷ ഒഴിവാക്കണമെന്നും നാളിതുവരെയുള്ള നടപടിക്രമങ്ങൾ റദ്ദ് ചെയ്യണമെന്നും അപേക്ഷിക്കുകയും മേൽ വിഷയവുമായി ബന്ധപ്പെട്ട് രേഖകളും റിപ്പോർട്ടുകളും വിശദമായി പരിശോധിക്കുകയും ശ്രീ. സിദ്ദീഖിന്റെ ഭാഗത്ത് നിന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ഉൾപ്പെടെയുള്ള ചട്ടങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ടെന്നും രേഖകൾ കൈകാര്യം ചെയ്തതിൽ ഗുരുതരമായ വീഴ്ചയും അലംഭാവവും ഉണ്ടായിട്ടുണ്ടെന്നും നടപടിക്രമങ്ങൾ സുതാര്യമല്ലാത്ത തരത്തിൽ അനാവശ്യമായ വേഗം കാണിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടിരിക്കുന്നുവെന്നും ടിയാളുടെ പ്രവർത്തികൾ ന്യായീകരിക്കുന്ന തരത്തിലുള്ള എതിർവാദങ്ങളൊന്നും ടിയാൾക്ക് ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കൂടാതെ പ്രസ്തുത നിർമ്മാണപ്രവർത്തിയുമായി ബന്ധപ്പെട്ട 02.12.2015-ലെ സർക്കുലർ നമ്പർ 12900/ആർ.എ.1/2015/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 13, 19, 21, 22, 23, 24 എന്നിവയുടെ ലംഘനം ശ്രീ. സിദ്ദീഖിന്റെ ഭാഗത്ത് നിന്നും സംഭവിച്ചിട്ടുള്ളതായി മനസിലാക്കാവുന്നതാണെന്നും കൂടാതെ ടിയാന്റെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ സേവന കാലയളവിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വിവിധ ചട്ടങ്ങൾ ലംഘിച്ചതുമായി ബന്ധപ്പെട്ട 5 ഫയലുകളിൽമേൽ അച്ചടക്ക നടപടിയെടുത്തിരുന്നുവെന്നും മേൽ വസ്തുതകൂടി പരിഗണിച്ച് ടിയാന്റെ 3 വരുംകാല ശമ്പളവർദ്ധനവ് സഞ്ചിത ഫലത്തോടെ സ്ഥിരമായി തടഞ്ഞു അച്ചടക്കനടപടി തീർപ്പാക്കുകയാണുണ്ടായതെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ. സിദ്ദീഖ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. സിദ്ദീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വാദഗതികൾ വാസ്തവ വിരുദ്ധമാണെന്നും ടിയാന് കഠിന ശിക്ഷ നൽകുന്നതിന് മുമ്പ് പാലിക്കേണ്ട കെ.സി.എസ് (സിസി&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ചാണ് ശിക്ഷ നൽകിയിരിക്കുന്നതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് തന്റെ പ്രൊമോഷൻ തടസ്സപ്പെടുത്തുന്ന രീതിയിൽ സമർപ്പിച്ചതാണെന്ന ടിയാന്റെ വാദം പരിഗണിച്ചാണ് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ഔപചാരിക അന്വേഷണത്തിന് ചുമതലപ്പെടുത്തിയതെന്നും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ അന്വേഷണ റിപ്പോർട്ടിൽ ഗുരുതരമായ ചട്ടലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്തിരുന്നതെന്നും ടിയാന്റെ പേരിൽ മുമ്പ് നിലവിലുണ്ടായിരുന്ന ഡി4-21790/15 എന്ന ഫയലിന്മേൽ ഈ അപ്പീൽ അപേക്ഷ സർക്കാരിലേക്ക് നല്കാൻ വൈകിപ്പിച്ചു എന്ന ആരോപണം തെറ്റാണെന്നും അപ്പീൽ കാലാവധി കഴിഞ്ഞതിന് ശേഷമാണ് ടിയാൻ പ്രസ്തുത അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും ശ്രീ. കെ. സിദ്ദീഖിന്റെ മുൻകാല ശിക്ഷണ നടപടികൾ പരിഗണിക്കുമ്പോൾ തുടർച്ചയായ ചട്ടലംഘനങ്ങൾ ടിയാന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതായി മനസ്സിലാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേട്ടു. തനിക്ക് ലഭിക്കേണ്ട പ്രൊമോഷൻ തടസപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ അച്ചടക്ക നടപടി കെട്ടിച്ചമച്ചതെന്നും, മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഹരിദാസൻ 29.09.2015-ൽ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ കളക്ടറുടെ കത്തിൽ ചൂണ്ടിക്കാണിച്ച രണ്ടു വീഴ്ചകളും താൻ ചെയ്തിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. 21.06.2014-ലെ മലപ്പുറം ജില്ലാ കളക്ടറുടെ കത്ത് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അന്വേഷണത്തിന് അയക്കുന്നത് 25.10.2017-ലാണെന്നും ഈ കേസ് 2014-ൽത്തന്നെ അന്വേഷിച്ചിരുന്നുവെങ്കിൽ തനിക്ക് രണ്ട് പ്രൊമോഷനുകളും ലഭിക്കുമായിരുന്നുവെന്നും, ഡി.പി.സി. മിനുട്സിൽ രേഖപ്പെടുത്താൻ വേണ്ടിയാണ് ഓരോ നടപടിക്രമങ്ങളും കെട്ടിച്ചമച്ച് ഉണ്ടാക്കിയിട്ടുള്ളതെന്നും 2017 ഡിസംബറിൽ ചേർന്ന ഡി.പി.സി.ക്ക് 25.11.2017-ൽ തയ്യാറാക്കിയ നോട്ടിൽ എന്നെ കുറ്റക്കാരനായി ചിത്രീകരിച്ചുവെന്നും എന്നാൽ അന്ന് അന്വേഷണ റിപ്പോർട്ട് ലഭിച്ചിരുന്നില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിനു മുമ്പ്തന്നെ കുറ്റസ്ഥാപനം നടത്തിതായി കാണുന്നുവെന്നും ആ നോട്ടിലെ കാര്യങ്ങൾ ശരിവയ്ക്കുംവിധമാണ് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചതെന്നും റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് ഒരു കാര്യവും തന്നോട് അന്വേഷിച്ചറിഞ്ഞിരുന്നില്ലെന്നും ചാർജ് മെമ്മോ തന്നത് 14.08.2018-ലെ ഡി.പി.സി.യിലും, സീനിയോറിറ്റി തരംതാഴ്ത്തി കാരണം കാണിക്കൽ നോട്ടീസ് നൽകിയത് 12.02.2019-ലെ ഡി.പി.സി.യിലും അന്തിമ ഉത്തരവിൽ മൂന്ന് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞത് 22.09.2019-ലെ ഡി.പി.സി.യിലും തന്നെ തഴയുന്നതിന് വേണ്ടി മാത്രമായിരുന്നുവെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

അന്തിമ ഉത്തരവിൽ മൂന്ന് വാർഷിക ഇൻക്രിമെന്റ് തടഞ്ഞത് താൻ സ്ഥിരമായി കെ.പി.ബി.ആർ. ലംഘനം നടത്തുന്നു എന്ന തെറ്റായ കണ്ടെത്തൽ നടത്തിയാണെന്നും എന്നാൽ ഇത് ചാർജ്ജ് മെമ്മോയിലോ, കാരണം കാണിക്കൽ നോട്ടീസിലോ പറഞ്ഞിട്ടില്ലെന്നും ഒരു ഫയലിൽ സഞ്ചിതഫലത്തോടെയല്ലാതെ ഒരു വാർഷിക ഇൻക്രിമെന്റ് കട്ട് ചെയ്ത മൈനർ പെനാൽറ്റി ചൂണ്ടിക്കാണിച്ചാണ് മൂന്ന് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞ് കഠിനശിക്ഷ വിധിച്ചിട്ടുള്ളതെന്നും സംസ്ഥാനത്തെ മികച്ച പഞ്ചായത്ത് സെക്രട്ടറി, മലപ്പുറം ജില്ലയിലെ മികച്ച പഞ്ചായത്ത് സെക്രട്ടറി (2 തവണ) , താൻ ജോലി ചെയ്ത പഞ്ചായത്തുകളെയും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിനെയും ജില്ലയിലും സംസ്ഥാനത്തും ഒന്നാം സ്ഥാനത്ത് എത്തിച്ചതും മറ്റ് നിരവധി നേട്ടങ്ങളും പരിഗണിക്കാതെയാണ് കഠിനശിക്ഷ വിധിച്ചിട്ടുള്ളതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ ആരാധനാലയത്തിന് കെട്ടിട നമ്പർ നൽകി എന്ന ചാർജ്ജ് മെമ്മോയിലെ മൂന്നാമത്തെ ചാർജ്ജ് യാതൊരു അടിസ്ഥാനവുമില്ലാതെ ആരോപിച്ചതായിരുന്നുവെന്നും എന്നാൽ അത് തെറ്റാണെന്ന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പറയുന്നുവെന്നും ഇതുപോലെ താൻ ചെയ്യാത്തതും നിലനിൽക്കാത്തതുമായ കാര്യങ്ങളാണ് മലപ്പുറം, തൃശ്ശൂർ എന്നീ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ റിപ്പോർട്ടുകളിലുള്ളതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ചാർജ്ജ് ഒന്നിൽ ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം 79 ച.മീ. വീടിന് കൺസെന്റ് നൽകുകയാണുണ്ടായതെന്നും പഞ്ചായത്തിൽ നൽകിയ പ്ലാനിലോ ഓവർസീയറുടെയോ സെക്ഷൻ ക്ലാർക്കിന്റെയോ റിപ്പോർട്ടിലോ കൊമേഴ്സ്യൽ കെട്ടിടത്തിന്റെ കാര്യം പരാമർശിക്കാത്തതു കാരണം ജോലിത്തിരക്കിനിടയിൽ ആയത് തന്റെ ധാരണയിൽ വന്നില്ലെന്നും ഓവർസീയർ പെർമിറ്റ് നൽകാൻ ആവശ്യപ്പെട്ടിട്ടും നൽകിയില്ല എന്ന അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ വസ്തുതാപരമല്ലെന്നും കെ.പി.ബി.ആർ പ്രകാരം 79 ച.മീ. വീടിന് പെർമിറ്റ് നൽകാൻ വ്യവസ്ഥയില്ലെന്നും കൺസെന്റ് മാത്രമേ നൽകാൻ പാടുള്ളൂ. 2015-ലെ സർക്കുലർ 2014-ൽ പാലിച്ചില്ല എന്ന വാദം ഉന്നയിച്ചാണ് ശിക്ഷ വിധിച്ചിട്ടുള്ളതെന്നും ഇത് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണ റിപ്പോർട്ടിൽ നിരാകരിച്ചതുമാണെന്നും ഫയൽ നോട്ടിൽ മാത്രം കാണിച്ചിട്ടുള്ള കെ.പി.ബി.ആർ. ലംഘനങ്ങളെക്കുറിച്ച് താൻ മറുപടി പറയുന്നില്ലെന്നും കാരണം തനിക്ക് നൽകിയ ചാർജ്ജ്

മെമ്മോയിലോ കാരണം കാണിക്കൽ നോട്ടീസിലോ അന്തിമ ഉത്തരവിലോ യാതൊരുവിധ ചട്ടലംഘനങ്ങളും സൂചിപ്പിച്ചിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. 29.09.2015-ലെ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ നിന്നും തീർത്തും വിഭിന്നമായാണ് 15.12.2017-ലെ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടും 04.11.2018-ലെ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടും എന്നും ഈ രണ്ട് റിപ്പോർട്ടുകളിലും കൊമേഴ്സ്യൽ കെട്ടിടത്തിന് മണ്ണെടുക്കാൻ അനുമതി നൽകിയെന്നോ, 950 ടൺ മണ്ണെടുത്തെന്നോ പറയുന്നില്ലെന്നും, ഫയൽ നഷ്ടപ്പെടുത്തിയത് താനാണെന്ന കണ്ടെത്തൽ അന്വേഷണത്തിൽ വ്യക്തമായിട്ടില്ലെന്നും ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഓഫീസിലെ മുഴുവൻ സ്റ്റീൽ അലമാരകളും മാറ്റി വുഡൺ കബോർഡുകളിലേക്ക് ഫയലുകൾ മുഴുവൻ പുനക്രമീകരിച്ചതിനിടയ്ക്കാണ് ഫയൽ നഷ്ടപ്പെട്ടിട്ടുള്ളതെന്ന മറുപടി പരിഗണിച്ചില്ലെന്നും ഈ ഫയലുകൾ രണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് മുമ്പാകെ ഹാജരാക്കി എന്ന വസ്തുതയും കണക്കിലെടുത്തില്ലെന്നും ഫയൽ നഷ്ടപ്പെട്ടിട്ടും മണ്ണെടുക്കാനുള്ള അനുമതിയുടെ പകർപ്പ് ശ്രീ. എറമു ഹാജിയിൽ നിന്നും താൻ സംഘടിപ്പിച്ചാണ് അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കിയതെന്നും ആയതിൽ എന്തെങ്കിലും വീഴ്ച നടന്നിരുന്നുവെങ്കിൽ ആയത് ഞാൻ ഹാജരാക്കുമായിരുന്നില്ലെന്നും റെക്കോർഡ് കീപ്പറായ സെക്ഷൻ ക്ലാർക്കിന് ചാർജ്ജ് മെമ്മോ നൽകിയിട്ടില്ലെന്നും ഫയൽ നഷ്ടത്തിന് കേസ് നൽകിയിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

മണ്ണെടുക്കുന്നതിനുള്ള പെർമിറ്റിൽ പെർമിറ്റ് നമ്പർ എഴുതാൻ വിട്ടുപോയ കാരണങ്ങൾ ചോദ്യം ഏഴിനും, ചോദ്യം പതിനാലിനും നൽകിയ മറുപടികൾ പരസ്പരം വിരുദ്ധമാണ് എന്ന കണ്ടെത്തൽ ശരിയല്ലെന്നും മറ്റൊരു പഞ്ചായത്തിൽ നിന്ന് ലഭ്യമായ മാതൃകയിൽ പഞ്ചായത്തിൻറെ പേര് മാറ്റി തയ്യാറാക്കിയത് കൊണ്ടാണ് കെട്ടിട നിർമ്മാണ അനുമതിയുടെ വിവരങ്ങൾ ചേർക്കാൻ വിട്ടുപോയി എന്നതും കൺസൻറ് ആയതിനാലാണ് പെർമിറ്റ് നമ്പർ രേഖപ്പെടുത്താതിരുന്നത് എന്നതും പരസ്പരവിരുദ്ധമല്ലെന്നും ചുങ്കത്തറ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മാതൃകയിൽ പെർമിറ്റ് നമ്പർ എന്ന് മാത്രമേ കാണിച്ചിരുന്നുള്ളൂവെന്നും, കൺസന്റ് നമ്പർ എന്ന് കാണിച്ചിരുന്നില്ലെന്നും ഇതുരണ്ടും ഒന്നു തന്നെയാണെന്നും പെർമിറ്റ് നമ്പർ എഴുതിയില്ലെങ്കിലും അപേക്ഷകന് പെർമിറ്റ് ദുരുപയോഗം ചെയ്യാൻ കഴിയില്ലെന്നും കാരണം മണ്ണെടുക്കുന്നതിനുള്ള പെർമിറ്റിൽ സർവ്വേ നമ്പർ പറയുന്നുണ്ടെന്നും ഈ സർവ്വേ നമ്പറിൽ ടിയാന് ആ പ്രദേശത്ത് വേറെ സ്ഥലങ്ങളില്ലാത്തതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്ന് മണ്ണെടുക്കാൻ കഴിയില്ലെന്നും ആയിരക്കണക്കിന് ഫയലുകൾ കൈകാര്യം ചെയ്യുന്ന പഞ്ചായത്തിൽ മൂന്നര വർഷം മുമ്പ് നൽകിയ ഒരു ഫയലിലെ നോട്ടിൽ തീയതി വെട്ടിത്തിരുത്തിയതിന്റെ സാഹചര്യം സെക്രട്ടറിക്കോ സെക്ഷൻ ക്ലാർക്കിനോ ഒരിക്കലും ഓർമിച്ചെടുക്കാൻ കഴിയില്ലെന്നും 17.06.2014-ൽ 4500/- രൂപ പഞ്ചായത്തിൽ അടവാക്കിയ ശേഷമാണ് 17.06.2014-ൽ മണ്ണെടുക്കാൻ പെർമിറ്റ് നൽകിയതെന്നും അതുകൊണ്ട് തന്നെ തീയതി വെട്ടിത്തിരുത്തിയത്കൊണ്ട് എന്തെങ്കിലും ക്രമംതെറ്റിയ കാര്യങ്ങൾ ചെയ്തതായി സ്ഥാപിക്കാൻ കഴിയുകയില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

പ്രവാസിയായ അപേക്ഷകന് മുൻഗണന നോക്കാതെ വേഗത്തിൽ സേവനങ്ങൾ നൽകണമെന്ന 2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം പാലിച്ചാണ് താൻ മണ്ണെടുക്കാൻ അനുമതി നൽകിയതെന്നും രണ്ടരമാസമായി അപേക്ഷകൻ നിരന്തരമായി ഓഫീസിൽ വന്നിരുന്നുവെന്നും 225 ടൺ മണ്ണ് നീക്കം ചെയ്യാനുണ്ടെന്ന അങ്ങാടിപ്പുറം വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് മെയ് 20-നാണെന്നും ആയത് കഴിഞ്ഞ് 28 ദിവസത്തിന് ശേഷമാണ് മണ്ണെടുക്കാൻ അനുമതി നൽകിയതെന്നും ബോധിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി വകുപ്പിന്റെ 21.02.2014-ലെ ജി.ഒ. (എം.എസ്.) നം.2/14 പ്രകാരം ഗാർഹിക ആവശ്യത്തിന് 5000/- രൂപ ഫീസ് അടവാക്കി 250 ടൺ മണ്ണെടുക്കാൻ അനുമതി നൽകാമെന്ന് മാത്രമാണ് ഉത്തരവിൽ പറയുന്നതെന്നും എത്ര ദിവസത്തേക്ക് നൽകാമെന്നോ പുതുക്കി നൽകരുതെന്നോ ഏത് ഫോർമാറ്റിൽ നൽകണമെന്നോ മറ്റുയാതൊരു വിവരങ്ങളോ ഈ ഉത്തരവിൽ പറയുന്നില്ലെന്നും മണ്ണെടുക്കുന്നതിനുള്ള പെർമിറ്റ് രണ്ട് വട്ടം പുതുക്കി നൽകിയതും ടിയാന് വേഗത്തിൽ പെർമിറ്റ് നൽകിയതിൽ വീഴ്ച വരുത്തിയതായി കരുതുന്നതായി അന്വേഷണ റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും എന്നാൽ ഈ കണ്ടെത്തലുകൾ ഒന്നുംതന്നെ പരിസ്ഥിതി വകുപ്പിന്റെ മേലുത്തരവിന്റെ ലംഘനമോ വീഴ്ചയോ ആകുന്നില്ലെന്നും 17.06.2014-ന് മണ്ണെടുക്കാൻ നൽകിയ ഉത്തരവ് മഴ കാരണം മണ്ണെടുക്കാൻ കഴിയാത്തതിനാൽ സ്ഥലപരിശോധന നടത്തി സത്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 25.06.2014-നും 05.07.2014-നും അനുമതി ദീർഘിപ്പിച്ച് നൽകിയതെന്നും വലിയ തിരക്കുള്ള ഏതൊരു പഞ്ചായത്തിലും ജീവനക്കാരുടെ അഭാവംമൂലമുള്ള പ്രത്യേക സാഹചര്യത്തിൽ എല്ലാവർക്കും സംഭവിക്കാവുന്നതും സർവ്വീസ് കാലഘട്ടത്തിൽ ജീവനക്കാർ ആദ്യമായി കൈകാര്യം ചെയ്ത ഒരു ഫയലിൽ സംഭവിക്കാവുന്നതുമായ ചെറിയ പാകപ്പിഴവുകൾ മാത്രമേ സംഭവിച്ചിട്ടുള്ളൂവെന്നും ക്രമരഹിതമായോ ചട്ടലംഘനങ്ങൾ നടത്തിയോ ബിൽഡിംഗ് പെർമിറ്റ് നൽകുകയോ മണ്ണെടുക്കാൻ പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും നേരിൽ കേട്ട വേളയിൽ ശ്രീ. കെ. സിദ്ദീഖ് ബോധിപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. സിദ്ദീഖ് 02.04.2014-ൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതല എടുത്തു. തൊട്ടടുത്ത ദിവസം മുതൽ ശ്രീ. ഏറമു ഹാജി മണ്ണ് ഖനനത്തിന് അനുമതി ആവശ്യപ്പെട്ട് സെക്രട്ടറിയെ സമീപിച്ചിരുന്നുവെന്ന് ശ്രീ. സിദ്ദീഖ് പറഞ്ഞതായി 29.09.2015-ലെ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിലും തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ വേളയിലും രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടരമാസമായി അപേക്ഷകൻ നിരന്തരമായി ഓഫീസിൽ വന്നിരുന്നുവെന്നും ശ്രീ. സിദ്ദീഖ് ഹിയറിംഗ് സമയത്ത് സമർപ്പിച്ച കുറിപ്പിലും രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ. എറമു ഹാജി സർവ്വേ നം. 147-ൽ കൊമേഴ്യസ്യൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ 28.04.2014-ന് സമർപ്പിക്കുകയുണ്ടായി. പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15.05.2014-ലെ 20/14-15 നമ്പർ ആയി പെർമിറ്റ് അനുവദിച്ചു. 16.06.2014-ന് ശ്രീ. എറമു ഹാജിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവ്വേ നം.147-ൽ 79.30 ച.മീ. വിസ്തൃതിയുള്ള റസിഡൻഷ്യൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.06.2014-ന് 4253/2014 ആയി കെ.പി.ബി.ആർ 2011 റൂൾ 133 പ്രകാരമുള്ള കൺസൻറ് നൽകുകയും ചെയ്തു. വാണിജ്യ ആവശ്യത്തിന് പെർമിറ്റ് നൽകിയ അതേ പ്ലോട്ടിൽ 300ച.മീ. താഴെ വിസ്തൃതിയുള്ള റസിഡൻഷ്യൽ കെട്ടിടത്തിന് കെ.പി.ബി.ആർ 2011 റൂൾ 133 പ്രകാരമുള്ള കൺസൻറ് മതിയാകും എന്ന അപ്പീൽ അപേക്ഷകന്റെ വാദം കെ.പി.ബി.ആർ 2011 റൂൾ 4 പ്രകാരം നിലനിൽക്കുന്നതല്ല. കൂടാതെ അപേക്ഷകൻ നിരവധി തവണ സെക്രട്ടറിയെ നേരിട്ട് സന്ദർശിച്ച് ആവശ്യം ഉന്നയിച്ചതായി അറിയിച്ചിട്ടുള്ളതിനാൽ അതേ പ്ലോട്ടിൽ കോമേഴ്ഷ്യൽ ബിൽഡിംഗിന് അനുമതി നൽകിയിരുന്നു എന്നകാര്യം ശ്രീ.സിദ്ദീഖിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്ന വാദവും അംഗീകരിക്കാൻ നിർവാഹമില്ല. ആകയാൽ 16.06.2014-ൽ വാസഗൃഹ കെട്ടിട നിർമ്മാണാനുമതി അപേക്ഷയിൽ കൺസെന്റ് നൽകിയതിൽ സെക്രട്ടറിയ്ക്ക് വീഴ്ച വന്നിട്ടുണ്ട്.

16.06.2014-ന് വാസഗൃഹ നിർമ്മാണത്തിന് കൺസൻറ് നൽകിയ ശേഷം 17.06.2014-ന് സർവ്വേ നം. 147/12-ൽപ്പെട്ട സ്ഥലത്ത് വീടുപണിയാൻ മണ്ണ് മാറ്റുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയുടെയും വില്ലേജ് ഓഫീസറുടെ സ്കെച്ചിന്റെയും പ്ലാനിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും സെക്ഷൻ ക്ലാർക്കിന്റെ സ്ഥല പരിശോധന റിപ്പർട്ടിന്റെ അടിസ്ഥാനത്തിലും സർവ്വേ നം. 147/12-ൽ നിന്നും 225 ടണ്ണിൽ കവിയാത്ത മണ്ണ് മാറ്റുന്നതിന് 17.06.2014-ന് അനുമതി നൽകിയെന്നും ആയത് ഗാർഹിക ആവശ്യത്തിനാണ് അനുമതി നൽകിയതെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയതായി മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ 29.09.2015-ൽ മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. അങ്ങാടിപ്പുറം വില്ലേജ് ഓഫീസർ 22.05.2014-ൽ പെരിന്തൽമണ്ണ സബ് കളക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ സർവ്വേ നം. 147/2012-ൽപ്പെട്ട സ്ഥിര പുഞ്ച വിഭാഗത്തിൽപ്പെട്ട സ്ഥലത്ത് നേരത്തെ മണ്ണ് എടുത്തതിനാൽ നിരപ്പല്ലാതെ കുന്നും കുഴിയുമായി കിടക്കുന്ന സ്ഥലമാണെന്നും ആയതിനാൽ മണ്ണിനേക്കാൾ ഉരുളൻ പാറകളാണുള്ളതെന്നും കെട്ടിട നിർമ്മാണത്തിനായി (ഇപ്പോൾ പ്ലാൻ തയ്യാറല്ല) മണ്ണ് ലെവൽ ചെയ്ത് ഫീൽഡ് വൃത്തിയാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയാണെന്നും ടി സ്ഥലത്തുനിന്നും ഏകദേശം 225 ടൺ മണ്ണ് അടർത്തിയെടുത്ത് ലെവൽ ചെയ്യേണ്ടതുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽനിന്നും ശ്രീ. സിദ്ദീഖ് മണ്ണ് ഖനനത്തിന് അനുമതി നൽകുന്നതിനു മുൻപായി തന്നെ 147/12-ൽപ്പെട്ട സ്ഥലത്തുനിന്നും മണ്ണ് മാറ്റപ്പെട്ടിരുന്നുവെന്നും അതിനു ശേഷമാണ് ഗാർഹിക ആവശ്യത്തിന് കൺസൻറ് നൽകിയതിനുശേഷം 2 2 5 ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയതെന്ന വാദവും പ്രസ്തുത സ്ഥലത്തുനിന്നും 900 ടൺ മണ്ണ് നീക്കം ചെയ്തതിന് ശ്രീ. സിദ്ദീഖ് ഉത്തരവാദിയല്ലായെന്ന വാദവും അംഗീകരിക്കാവുന്നതാണ്.

മണ്ണ് ഖനനത്തിനിടെ യന്ത്ര സാമഗ്രികകളുൾപ്പെടെ കസ്റ്റഡിയിലാകുമ്പോൾ വസ്തു ഉടമ കോടതി മുമ്പാകെ ഹാജരാക്കിയ പെർമിറ്റ് കൊമേഴ്ഷ്യൽ ബിൽഡിംഗിന്റേതായതിനാലാണ് ശ്രീ. സിദ്ദീഖ് കൊമേഴ്ഷ്യൽ ബിൽഡിംഗിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി വാങ്ങാതെ മണ്ണ് ഖനനത്തിന് അനുമതി നൽകിയതെന്ന വാദം ഉയർന്നത്. ഈ വാദം തെറ്റാണെന്ന ശ്രീ. സിദ്ദീഖിന്റെ അപേക്ഷ അംഗീകരിക്കാവുന്നതാണ്. എന്നാൽ മണ്ണു ഖനനത്തിന് അനുമതി നൽകിയതിൽ പെർമിറ്റ് നമ്പർ രേഖപ്പെടുത്താതിരുന്നത് വഴിയാണ് അപ്രകാരം വസ്തു ഉടമയ്ക്ക് പെർമിറ്റ് മാറ്റി സമർപ്പിക്കാൻ വഴിയൊരുങ്ങിയത്. കൂടാതെ സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലത്ത് 15.5.2014-ന് നിർമ്മാണാനുമതി നേടിയ വാണിജ്യ കെട്ടിടവും 16.6.2014-ന് കൺസെന്റ് നൽകിയ വാസഗൃഹവും നിർമ്മിച്ചിട്ടില്ലെന്നും 23.9.2015-ലെ

പെർമിറ്റിന്റെ അടിസ്ഥാനത്തിലുള്ള കൊമേഴ്സ്യൽ ബിൽഡിംഗിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. സ്ഥലമുടമ പരിസ്ഥിതി വകുപ്പിന്റെ അനുമതി ഒഴിവാക്കുന്നതിനായി വാസഗൃഹ പെർമിറ്റ് ദുരുപയോഗം ചെയ്യുതാകാനും വഴിയുണ്ട്. കൂടാതെ മണ്ണ് നീക്കം ചെയ്യുന്നതിനായി അനുവദിച്ച അനുമതികളിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണാനുമതി നമ്പർ രേഖപ്പെടുത്താതിരുന്നത് ഗുണഭോക്താവിന് പ്രസ്തുത അനുമതി ദുരുപയോഗപ്പെടുത്തുന്നതിന് സഹായകമായി എന്ന നിലയിൽ സെക്രട്ടറി ഉത്തരവാദിയാകുന്നു. ഇക്കാര്യത്തിൽ ഒരു അനാവശ്യ തിടുക്കം സെക്രട്ടറി കാണിച്ചതായി അനുമാനിക്കാവുന്നതാണ്. 17.06.2014-ലെ 05/എ10/4286/14 നമ്പറിൽ ഉത്തരവ് പുറപ്പെടുവിച്ച് സർവ്വേ നം.147/12 പ്രകാരമുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആവശ്യത്തിലേക്ക് മണ്ണ് നീക്കം ചെയ്യുന്നതിലേക്ക് അനുമതി നൽകുകയും ആ ഉത്തരവിൽ തന്നെ രണ്ടു തവണ ദീർഘിപ്പിച്ച് നൽകുകയും ചെയ്ത സെക്രട്ടറിയുടെ നടപടി ചട്ടപ്രകാരമോ ഓഫീസ് നടപടിക്രമപ്രകാരമോ അല്ലയെന്ന ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ നിലനിൽക്കുന്നതാണ്.

മണ്ണ് നീക്കം ചെയ്യുന്നതിലേക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ഫയൽ നഷ്ടപ്പെട്ടതിൽ റെക്കോർഡ് കീപ്പറിനോടൊപ്പം പ്രസ്തുത ഓഫീസിന്റെ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയുടെ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ല. 23.09.2015-ലെ 159/15-16 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം സർവ്വേ നം.147/12.ൽ നിർമ്മിച്ച കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നമ്പരാണ് നൽകിയത് എന്നതിനാൽ ടിയാൻ ആരാധനാലയത്തിനു നമ്പർ നൽകിയെന്ന വാദം നിലനിൽക്കുന്നില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും, അതേസമയം ടിയാളുടെ സർവീസിൽ കൈവരിച്ച നേട്ടങ്ങൾ കണക്കിലെടുത്തും പഞ്ചായത്ത് ഡയറക്ടറുടെ അപ്പീലിനാധാരമായ ഉത്തരവ് പുനഃപരിശോധിച്ച് ശ്രീ. കെ. സിദ്ദീഖിന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ. സിദ്ദീഖ്, മുൻ സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/259/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ